തുടങ്ങിയ പ്രവർത്തനങ്ങൾ പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്മെന്റ്, കേരള (പാഡ്കെ) ചെയ്യുന്നുണ്ട്. കൂടാതെ കപ്പാർട്ട് പദ്ധതികളുടെ പ്രീ ഫണ്ടിംഗ് അപ്രൈസൽ, മോണിറ്ററിംഗ്, ഇവാലുവേഷൻ എന്നീ ജോലികളും കപ്പാർട്ടിൽ നിന്നും ചുമതലപ്പെടുത്തുന്നതിനനുസരിച്ച് ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളും ഏജൻസികളും സന്നദ്ധസംഘടനകളെ ഉൾപ്പെടുത്തി നടപ്പാക്കുന്ന എല്ലാ പദ്ധതികളുടെയും വിവരങ്ങൾ ശേഖരിച്ചു നൽകാനുള്ള പ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ട്.

(ഡി) ലഭിക്കുന്നില്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) കേന്ദ്രസഹായം ഈ സ്ഥാപനത്തിന് ലഭിക്കുന്നില്ല.

18 (1656) സിനിമാ അവാർഡ് നിർണ്ണയം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ അവാർഡ് നിർണ്ണയത്തിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) 1998-ലെ അവാർഡ് നിർണ്ണയിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണ് അവരുടെ യോഗ്യതകൾ എന്തെല്ലാം;

(സി) അവാർഡ് നിർണ്ണയ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നാടകം, ടി.വി. സീരിയലുകൾ, സിനിമാ ഗ്രന്ഥങ്ങൾ തുടങ്ങിയ മേഖലകളിൽ അവാർഡുകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അവാർഡുനിർണ്ണയത്തിനുള്ള ജൂറിയെ നിശ്ചയിക്കാനായി ചലച്ചിത്ര അക്കാദമി എക്സിക്യൂട്ടീവ് കമ്മിറ്റിയും ജനറൽ കൗൺസിലും ചലച്ചിത്ര രംഗത്തു പ്രവർത്തിക്കുന്ന പ്രമുഖരായവരുടെ പേരുകൾ ഉൾപ്പെടുത്തി ഒരു ലിസ്റ്റ് തയ്യാറാക്കുന്നു. അതോടൊപ്പംതന്നെ ജനുവരി ആദ്യവാരം അവാർഡു നിർണ്ണയ മത്സരത്തിനുള്ള എൻട്രികൾ ക്ഷണിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നു. അതിനുശേഷം അക്കാദമി ജനറൽ കൗൺസിൽ അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽ നിന്നും ജൂറിയെ നിർണ്ണയിച്ചതിനു ശേഷം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. ജൂറിക്ക് സൗകര്യപ്രദമായ സമയത്ത് തീയേറ്റർ ബുക്ക് ചെയ്ത് അവർക്ക് മാത്രമായി ചിത്രങ്ങൾ സ്ക്രീൻ ചെയ്യുന്നു. അക്കാദമിയിൽ നിന്നും ഒരു ഉദ്യോഗസ്ഥൻ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയാണ്. പക്ഷെ അദ്ദേഹത്തിന് വോട്ടവകാശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1998-ലെ അവാർഡു നിർണ്ണയത്തിനുള്ള കമ്മിറ്റിയംഗങ്ങളും അവരുടെ യോഗ്യതകളും ചുവടെ ചേർക്കുന്നു.

(1) ശ്രീ. ബാലുമഹേന്ദ്ര (ചെയർമാൻ) - ദേശീയ അവാർഡുകൾ നേടിയിട്ടുള്ള സിനിമാ സംവിധായകൻ മലയാളത്തിലും ചിത്രങ്ങൾ സംവിധാനം ചെയ്യുന്നുണ്ട്. നാഷണൽ ജൂറി ചെയർമാനായിരുന്നു.

(2) ശ്രീ. മോഹൻ (മെമ്പർ) - വിടപറയും മുമ്പേ, രണ്ട് പെൺകുട്ടികൾ, പക്ഷേ തുടങ്ങിയ നിരവധി പ്രസിദ്ധ ചിത്രങ്ങളുടെ സംവിധായകൻ.

(3) രഘുനാഥ് പലേരി - ഒന്നുമുതൽ പൂജ്യംവരെ, വിസ്മയം, എന്നീ ചിത്രങ്ങളുടെ സംവിധായകൻ കൂടാതെ പ്രസിദ്ധനായ തിരക്കഥാകൃത്ത്.

(4) ശ്രീ. എ.റ്റി. ഉമ്മർ - എഴുപതുകളിലേയ്ക്കും എൺപതുകളിലേയ്ക്കും ഏറ്റവും പ്രസിദ്ധമായ സംഗീത സംവിധായകരിൽ ഒരാൾ.

(5) ശ്രീമതി രേണു സലൂജ - പലതവണ മികച്ച എഡിറ്റർക്കുള്ള നാഷണൽ അവാർഡു ലഭിച്ചിട്ടുള്ളവർ.

(6) ശ്രീ. സി.പി. പത്മകുമാർ - സമ്മോഹനം, എന്ന പ്രഗത്ഭ ചിത്രത്തിന്റെ സംവിധായകൻ.

(7) ശ്രീ. ഒ.കെ. ജോണി - ടാപ്പ്, സൈലന്റ് സ്ക്രീൻ എന്നീ അവാർഡുകൾ ലഭിച്ച ചിത്രങ്ങളുടെ സംവിധായകൻ.

(സി) ജൂറി അംഗങ്ങൾ ചലച്ചിത്ര കലയിൽ പ്രാവീണ്യം നേടിയിട്ടുള്ളവരും ദൃശ്യമാധ്യമരംഗത്ത് അറിയപ്പെടുന്നവരും ആയിരിക്കണം.

(ഡി) ടി.വി. സീരിയലുകൾക്ക് അവാർഡ് നിർണ്ണയിക്കുന്നത് ദൃശ്യമാധ്യമ രംഗത്ത് പ്രഗത്ഭസമതികൾ ഉൾപ്പെടുന്ന ഒമ്പത് പേരുള്ള ഒരു ജൂറിയാണ്. ബീറ്റായുമാറ്റിക് എന്നീ ഫോർമാറ്റുകളിലുള്ള കാസറ്റുകൾ സ്ക്രീൻ ചെയ്തു കണ്ടിട്ടാണ് ടി.വി. അവാർഡുകൾ നിർണ്ണയിക്കുന്നത്. സിനിമയെ സംബന്ധിക്കുന്ന പുസ്തകങ്ങൾക്കുള്ള അവാർഡു നിർണ്ണയിക്കുന്നതു സാഹിത്യത്തിലും പ്രാവിണ്യമുള്ള പ്രത്യേക ജൂറിയാണ്.

19 (1657) നാടൻ കലകളെ പ്രോത്സാഹിപ്പിക്കുവാൻ നടപടി

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിവിധ നാടൻ കലകളുടെ പ്രോത്സാഹനത്തിനായി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ബി) സംസ്ഥാനത്ത് നിലവിലുള്ള പ്രധാനപ്പെട്ട നാടൻ കലകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയെ ചിട്ടപ്പെടുത്തി ഇവയ്ക്ക് ഒരടിസ്ഥാനമുണ്ടാക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പരിപാടിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly